# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2440

19/03/2015-ൽ മറുപടിക്ക്

## കരങ്ങ്പനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് കുരങ്ങ്പനി ബാധിച്ച് എത്ര പേർ മരണമടഞ്ഞിട്ടുണ്ട്; | എ) 2015-ൽ കുരങ്ങുപനി മൂലം 5 പേരും, സംശയാസ്പദമായ കുരങ്ങുപനി മൂലം ഒരാളും മരണപ്പെട്ടിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കുരങ്ങ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്; | ബി) വയനാട് ജില്ലയിലെ കുറിമ്പ്യാട് വനമേഖലയിലും, മലപ്പുറം ജില്ലയിലെ കരുളായ മേഖലയിലും ആണ് ഇതേവരെ കുരങ്ങുപനി സ്ഥിരീകരിച്ചിട്ടുള്ളത്. |
| സി) സംസ്ഥാനത്ത് എത്ര പേർക്ക് കുരങ്ങ്പനി ബാധിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ; | സി) വയനാട് ജില്ലയിൽ 2013-ൽ ഒരാൾക്കും,2014-ൽ ഒരാൾക്കും 2015-ൽ 43 പേർക്കും, മലപ്പുറം ജില്ലയിൽ 2014-ൽ 2 പേർക്കും കുരങ്ങുപനി ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. |
| ഡി) ഈ രോഗത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ? | ഡി) ഈ രോഗ കാരണം ഒരു തരം വൈറസ് ആണ് (ആർബോ വൈറസ് വിഭാഗം). വന പ്രദേശങ്ങളിൽ കാണുന്ന കുരങ്ങ്, ചെറു സസ്തനികൾ, പക്ഷികൾ എന്നിവയിൽ ആണ് പ്രാഥമികരോഗബാധ. ഇവയുടെ ശരീരത്തിൽ കാണുന്ന ഒരു പ്രത്യേക തരം ചെള്ളുകൾ (ഹീമോ ഫൈസാലിസ് വിഭാഗത്തിൽപ്പെട്ട ചെള്ളുകൾ) രോഗാണുക്കളെ മറ്റുള്ള ജീവികളിലേക്കും, വനത്തിൽ പ്രവേശിക്കുന്ന മനുഷ്യരിലേക്കും, കന്നുകാലികളിലേക്കും വ്യാപിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ